പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1700** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. സി. കെ. കാസിം

ശ്രീ. നജീബ് കാന്തപുരം

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** മോട്ടോർ വാഹന വകുപ്പിലെ ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

**<u>മറുപടി:</u>** ഇടനിലക്കാരുടെ സഹായമില്ലാതെ നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. മോട്ടോർ വാഹന വകുപ്പ് നൽകി വരുന്ന ഏതാനും സേവനങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കിയിട്ടുള്ളതിനാൽ അപേക്ഷകർക്ക് ഓഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ അത്തരം സേവനങ്ങൾ ലഭ്യമാകുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. കൂടുതൽ സേവനങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കുന്നതിലൂടെ ഇടനിലക്കാരുടെ പ്രാധാന്യം കുറയുന്നതാണ്.

അപേക്ഷകനു ഓഫീസിൽ നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത പക്ഷം മറ്റൊരു വ്യക്തി മുഖാന്തിരം അപേക്ഷ നൽകുന്നതിനു കൃത്യമായ ഓതറൈസേഷൻ കത്ത് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മാത്രമേ അത്തരം അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കുകയുള്ളൂ.

ഓഫീസുകളിൽ പൊതുജന സന്ദർശന സമയം ക്രമീകരിച്ചുകൊണ്ട് ഗതാഗത കമ്മീഷണർ 01/2025-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, പ്രസ്തുത സർക്കുലറിൽ ഭേദഗതി വരുത്തി ഉച്ചയ്ക്കുശേഷം 4 മണി മുതൽ 5 മണി വരെക്കൂടി പൊതുജനങ്ങൾക്ക് ഓഫീസ് സന്ദർശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് ഉച്ചയ്ക്കുശേഷവും ഓഫീസ് മേധാവിയെ നേരിട്ട് സമീപിക്കുന്നതിനും പരാതികളും ആവശ്യങ്ങളും ശ്രദ്ധയിൽപ്പെടുത്തുന്നതിനും നിലവിൽ തടസ്സമില്ല. അപേക്ഷകൾ ഏത് സമയത്തും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യവും ഓഫീസ് സമയങ്ങളിലുടനീളം ലാൻഡ്ഫോൺ മുഖേന ബന്ധപ്പെടുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ Ease of Doing Business നയം ഫലപ്രദമായി നടപ്പിലാക്കുക, Paperless Office സംവിധാനം പ്രാവർത്തികമാക്കുക, അപേക്ഷകളിൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ച് സേവനവിതരണം കാര്യക്ഷമമാക്കുക എന്നിവയും ഈ നടപടികളുടെ ലക്ഷ്യങ്ങളാണ്. പൊതുജനങ്ങൾക്ക് ഇടനിലക്കാരുടെ സഹായമില്ലാതെ നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ അവരുടെ അനാവശ്യ സ്വാധീനം കുറയ്ക്കുന്നതിനും സുതാര്യതയും

ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും വകുപ്പിലെ ക്രമക്കേടുകൾ തടയുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** ഇതുവഴി മോട്ടോർ വാഹന വകുപ്പിലെ ക്രമക്കേടുകൾ എത്രമാത്രം ഒഴിവാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ഇടനിലക്കാരുടെ സഹായമില്ലാതെ നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. മോട്ടോർ വാഹന വകുപ്പ് നൽകി വരുന്ന ഏതാനും സേവനങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കിയിട്ടുള്ളതിനാൽ അപേക്ഷകർക്ക് ഓഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ അത്തരം സേവനങ്ങൾ ലഭ്യമാകുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. കൂടുതൽ സേവനങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കുന്നതിലൂടെ ഇടനിലക്കാരുടെ പ്രാധാന്യം കുറയുന്നതാണ്.

അപേക്ഷകനു ഓഫീസിൽ നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത പക്ഷം മറ്റൊരു വ്യക്തി മുഖാന്തിരം അപേക്ഷ നൽകുന്നതിനു കൃത്യമായ ഓതറൈസേഷൻ കത്ത് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മാത്രമേ അത്തരം അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കുകയുള്ളൂ.

ഓഫീസുകളിൽ പൊതുജന സന്ദർശന സമയം ക്രമീകരിച്ചുകൊണ്ട് ഗതാഗത കമ്മീഷണർ 01/2025-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, പ്രസ്തുത സർക്കുലറിൽ ഭേദഗതി വരുത്തി ഉച്ചയ്ക്കുശേഷം 4 മണി മുതൽ 5 മണി വരെക്കൂടി പൊതുജനങ്ങൾക്ക് ഓഫീസ് സന്ദർശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് ഉച്ചയ്ക്കുശേഷവും ഓഫീസ് മേധാവിയെ നേരിട്ട് സമീപിക്കുന്നതിനും പരാതികളും ആവശ്യങ്ങളും ശ്രദ്ധയിൽപ്പെടുത്തുന്നതിനും നിലവിൽ തടസ്സമില്ല. അപേക്ഷകൾ ഏത് സമയത്തും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യവും ഓഫീസ് സമയങ്ങളിലുടനീളം ലാൻഡ്ഫോൺ മുഖേന ബന്ധപ്പെടുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ Ease of Doing Business നയം ഫലപ്രദമായി നടപ്പിലാക്കുക, Paperless Office സംവിധാനം പ്രാവർത്തികമാക്കുക, അപേക്ഷകളിൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ച് സേവനവിതരണം കാര്യക്ഷമമാക്കുക എന്നിവയും ഈ നടപടികളുടെ ലക്ഷ്യങ്ങളാണ്. പൊതുജനങ്ങൾക്ക് ഇടനിലക്കാരുടെ സഹായമില്ലാതെ നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ അവരുടെ അനാവശ്യ സ്വാധീനം കുറയ്ക്കുന്നതിനും സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും വകുപ്പിലെ ക്രമക്കേടുകൾ തടയുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(സി)** ആദ്യം ലഭിക്കുന്ന അപേക്ഷകളുടെ ക്രമത്തിൽ വിവിധ സേവനങ്ങൾക്ക് തീർപ്പുകൽപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ;

**<u>മറുപടി:</u>** പരിവാഹൻ പോർട്ടലിലെ സാരഥി സേവനങ്ങളിൽ ക്ഷമതാപരീക്ഷ ആവശ്യമുള്ളതും പേഴ്സണൽ ഹിയറിങ്ങും ആവശ്യമായ സേവനങ്ങൾ ഒഴികെ ബാക്കിയുള്ളവയ്ക്ക് ഫസ്റ്റ് കം ഫസ്റ്റ് സർവ് എന്ന രീതിയിലാണ് നിലവിൽ സേവനങ്ങൾ നൽകിവരുന്നത്. ഇതേരീതി സാധ്യമായ വാഹൻ സേവനങ്ങൾക്കും ഉൾക്കൊള്ളിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** മോട്ടോർ വാഹന വകുപ്പിൽ അഴിമതിക്കുള്ള സാഹചര്യം പൂർണ്ണമായും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മോട്ടോർ വാഹന വകുപ്പിൽ അഴിമതി തടയുന്നതിനും സേവനവിതരണത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനുമായി സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കൽ, അപേക്ഷകളുടെ നടപടിക്രമങ്ങൾ നിരീക്ഷിക്കൽ, ഇടനിലക്കാരുടെ അനാവശ്യ ഇടപെടൽ നിയന്ത്രിക്കൽ, ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ പരിശോധനയും മേൽനോട്ടവും ശക്തിപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അഴിമതി സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുക, ആവശ്യമായ സാഹചര്യങ്ങളിൽ വിജിലൻസ് പരിശോധനയ്ക്ക് വിധേയമാക്കുക, ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി അച്ചടക്കനടപടികൾ സ്വീകരിക്കുക തുടങ്ങിയ നടപടികളും കൈക്കൊണ്ടുവരുന്നു.

**സെക്ഷൻ ഓഫീസർ**